# SACRED HEART U P SCHOOL
# KARTHEDOM




# അക്കാദമിക

## മാസ്റ്റർ പ്ലാൻ 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

## സ്കൂൾ തലം

## ആമുഖം

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ.

വിദ്യാലയത്തെ സമൂഹത്തിന്റെ കൂടി സ്ഥാപനമായി എങ്ങനെ മാറ്റാനാകും എന്ന ഉദ്ദേശത്തോടെ മധ്യകാല ദീർഘകാല പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെയാണ് തയ്യാറാക്കിയിരുന്നത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്കുറപ്പാക്കുന്നതിനും അക്കാദമിക മികവിലൂടെ കുട്ടിയുടെ മികവിലേക്കെത്തിച്ചേരുന്നതിനും സഹായകരമായ അക്കാദമിക മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ പഠനവിടവ് നികത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു.

ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവണ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരു അക്കാദമിക വർഷം മുഴുവൻ നീളുന്ന പ്രോജക്ടായി തിരഞ്ഞെടുത്തിരിക്കുന്നു.

**<u>ലക്ഷ്യം</u>**

- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സൗഹൃദപരമായതും ശിശു കേന്ദ്രവുമായ രീതിയിൽ പഠനവും പാഠ്യേതര പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
- കുട്ടികളുടെ പഠന താല്പര്യത്തെയും വ്യക്തിത്വ വികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാര ബോധ പ്രക്രിയ നടത്തുക.
- വ്യക്തിഗത മാസ്റ്റർ പ്ലാനിന് പ്രാധാന്യം നൽകുക.
- നിരന്തര മൂല്യനിർണ്ണയ പ്രക്രിയ ചിട്ടപ്പെടുത്തുക.
- കുട്ടിയുടെ വ്യക്തിപരമായ സാഹചര്യങ്ങളും കഴിവുകളും അറിഞ്ഞ് അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികളിലേക്ക് എത്തിക്കുക
- പഠനകാര്യത്തിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- പഠനരംഗത്ത് മികവു തെളിയിക്കുന്ന കുട്ടികളെ എൽഎസ്എസ്, യുഎസ്എസ് മറ്റ് മത്സരപരീക്ഷകൾക്കായി പ്രത്യേക പഠന സാഹചര്യങ്ങൾ ഒരുക്കുക. കോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിക്കുക.
- ഐ.സി.ടി സാധ്യതകൾ പഠനരംഗത്ത് പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ഇന്ററാക്ടീവ് പാനൽ

ബോർഡുകളും ലാപ് ടോപ്പ് പ്രൊജക്ടർ മുതലായവ ഉപയോഗ്യമാക്കുക.

- ദിനാചരണങ്ങൾ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ കുട്ടികളുടെ പരിപൂർണ്ണമായ സഹകരണത്തോടെ സംഘടിപ്പിക്കുക.

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുക.
- മുഴുവൻ അധ്യാപകരുടെയും പിന്തുണയോടെ അക്കാദമിക മുന്നേറ്റത്തിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ലക്ഷ്യത്തിലെത്തിക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി വിവിധ പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുക. വ്യത്യസ്തമായ ലളിതമായ പഠന പ്രവർത്തനങ്ങൾ അവർക്കായി തയ്യാറാക്കുക.

- കുട്ടികളുടെ വായനാശേഷിയെ പരിപോഷിപ്പിക്കുന്നതിനായി സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി, മിനി വായന തിയേറ്റർ എന്നിവയുടെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

- പാഠഭാഗവുമായി ബന്ധപ്പെടുത്തി ഫീൽഡ് ട്രിപ്പുകൾ, 2 പ്രകൃതിയാത്ര തുടങ്ങിയവ സംഘടിപ്പിച്ച കണ്ടും കേട്ടും നിരീക്ഷിച്ചും പഠിക്കുന്നതിനുള്ള അവസരം കൊടുക്കുക.

- ക്ലബ്ബ് പ്രവർത്തനങ്ങളിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക.
- കുട്ടികളുടെ പാഠ്യേതര മേഖലയിലെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി 'ടാലൻറ് ലാബ്' പ്രവർത്തനങ്ങൾ സജ്ജമാക്കുക.
- വിവിധ മത്സരങ്ങളിൽ (മേളകൾ,കലോത്സവങ്ങൾ) പങ്കെടുക്കുന്നതിനുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുക.
- കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.
- വിദ്യാലയത്തിന് പുറത്തുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ കുട്ടികളെ കർമ്മനിരതരാക്കുക.
- കുട്ടികൾക്കാവശ്യമായ കൗൺസിലിംഗ് സംവിധാനം ഒരുക്കുക.
- മികവുകൾ സമൂഹമാധ്യമങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- മികവ് ഉത്സവങ്ങൾ നടത്തുക.
- ശാസ്ത്ര പഠനത്തിന് പരീക്ഷണ മേളകൾ സംഘടിപ്പിക്കുക.
- കുട്ടികളുടെ ആശയവിനിമയശേഷി, സർഗാത്മക വികസനം എന്നിവയ്ക്കായി സ്കൂൾ റേഡിയോ
- ഭാഷാനൈപുണികൾ വളർത്തുന്നതിനായി 'മൾട്ടിമീഡിയ ലാംഗ്വേജ് ലാബ്'

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025–26

ക്ലാസ് : 1 **<u>മലയാളം</u>**

**<u>ലക്ഷ്യം</u>**

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്രമായി എഴുതാനും വായിക്കാനും ഉള്ള ശേഷിയുള്ളവരാക്കുക
- കളികളിലൂടെ ചിത്ര വായന വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് പ്രാപ്തരാക്കുക
- നിറങ്ങൾ നൽകാൻ അവസരം

**ഒന്നൊരുക്കം ( സന്നദ്ധാ പ്രവർത്തനങ്ങൾ )**

**<u>ക്ലാസ്സ് ലൈബ്രറി ക്രമീകരിക്കൽ</u>**

(ഒന്നാം ക്ലാസുകാരുടെ നിലവാരത്തിന് യോജിച്ചവ)

- അമ്മ വായന പരിചയപ്പെടുത്തൽ
- അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസ്സിൽ പറയുന്നു
- കഥാപുസ്തകം നൽകുന്നു കുട്ടി ചിത്രം നോക്കി കഥപറയുന്നു
- ഊഹിച്ച് കഥ പറയുന്നു

**<u>പാട്ടരങ്ങ് ( June to March )</u>**

- പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു .

**റീഡേഴ്സ് തിയേറ്റർ ( June to March )**

- പാഠപുസ്തകേതര രചനകൾ ഭാവാത്മകമായി ശബ്ദവ്യതിയാനത്തോടെ അവതരിപ്പിക്കുന്നു. സദസ്സിനു മുമ്പാകെ ഉച്ചത്തിലുള്ള വായന നടത്തുന്നതിനുള്ള കഴിവ് നേടുന്നു.

**മോറൽ വാല്യൂ- സ്കിറ്റ്**

- ജീവിതത്തിൽ മാനുഷികമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി ചെറുപ്പത്തിലെ തന്നെ അത് ചെയ്ത ശീലിക്കേണ്ടതുണ്ട് അതിനാൽ പരസ്പര സഹായിക്കുവാനുള്ള മനോഭാവം വളർത്തുന്നതിനുള്ള സ്കിറ്റ് അവതരണം

**പപ്പറ്റ്ഷോ**

- ഗുണപാഠ കഥകൾ കുട്ടികൾക്കായി കുട്ടികൾ തന്നെ അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ നടത്തുന്നു.
- കുട്ടികളിലെ ഭാവന വളർത്തുന്നതിന് പ്രയോജനപ്പെടുത്തുന്നു

**രചനോത്സവം ( June to March )**

- ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ ഓരോ ആഴ്ചയിലും ഒന്ന് വീതം എല്ലാ കുട്ടികൾക്കും നൽകിക്കൊണ്ട് രക്ഷിതാക്കളുടെ പിന്തുണയോടെ രചനയിൽ ഏർപ്പെടാൻ അവസരം നൽകുന്നു

**പരിസരപഠനം ( June to March )**

- <u>My food journal</u>
  ഒരാഴ്ചയിൽ നാം കഴിക്കുന്ന ഭക്ഷണത്തെ ലിസ്റ്റ് ചെയ്ത് അതിൽ ആരോഗ്യപ്രദമായവ കൂടുതലായി ഉപയോഗിക്കാനും ജങ്ക് ഫുഡ് പോലുള്ളവയെ കുറേശ്ശെയായി ഒഴിവാക്കി നല്ല ആഹാരശീലത്തിലേക്ക് എത്തിക്കുവാനും പരിശീലിപ്പിക്കുന്നു.

- **<u>പ്രകൃതി നടത്തം നിരീക്ഷണങ്ങൾ</u>** (മരങ്ങൾ പൂക്കൾ ചെടികൾ പക്ഷികൾ)

- പ്രകൃതിയെ അറിയുന്നതിനും അത് സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണെന്ന് മനസ്സിലാക്കാൻ കഴിയും

- **<u>പരസ്പര സഹകരണത്തിന്റെ പ്രാധാന്യം</u>**
  **<u>ടീം വർക്ക് – സ്കിറ്റ്</u>**
  കുട്ടികൾ തന്നെ സ്കിറ്റ് അവതരിപ്പിച്ച ഒറ്റയ്ക്ക് ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ ഒന്നിച്ചു നിൽക്കുമ്പോൾ ചെയ്യാൻ സാധിക്കുന്നു എന്ന സന്ദേശം നൽകുന്നു.

# Academic master plan 2025- 2026

**Standard 1** **English**

- The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

**<u>Objectives and learning outcomes.</u>**

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

**June**

- Introduce symbol words.
- Provides picture cards.
- Fun ABC Phonics chant for kids

  A to z letter sound and action practices with the help of Projector.

**July**

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

**August**

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

**September**

- Read and write simple words and Simple sentences
- Provides picture cards and reading cards.

**October**

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

**November**

- Prepare reading cards.
- Provide more opportunities to read, right and speak English.

  Writes five English words daily.

**December**

- Read and understand simple instructions in the classroom.
- Encourage digital reading.

**January.**

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

**February**

- provide the opportunity to express myself in the classroom.
- English assembly once in a week.

**March**

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**ക്ലാസ് : 1** **ഗണിതം**

**ലക്ഷ്യങ്ങൾ**

- സംഖ്യാബോധം സങ്കലനം വ്യവകലനം സംഖ്യാ വ്യാഖ്യാനം തുടങ്ങിയ പഠന നേട്ടം ലക്ഷ്യം വെച്ചിട്ടുള്ള പ്രവർത്തനങ്ങൾ
- ഗണിത പഠനം കൂട്ടുതൽ ആസ്വാദ്യകരമാക്കുക വസ്തുതകളെ ഗണിതശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ്

**ഗണിതകേളികൾ ( June to March )**

**പസിൽ**

- ചലഞ്ച് യുവർ മൈൻഡ് - മൈൻഡ് ഗെയിം
- നമ്പർ ഗെയിം
- ഔട്ട്ഡോർ ഗെയിം
- ഇൻഡോർ ഗെയിം
- ബിങ്കോ ഗെയിം
- മൈൻഡ് ഗെയിം- വഴി കാണിക്കൽ

**എന്റെ കുഞ്ഞുപുസ്തകം ( June to March )**

- എല്ലാ കുട്ടികൾക്കും എന്റെ കുഞ്ഞുപുസ്തകം നിർമ്മിക്കാൻ നിർദ്ദേശിക്കുന്നു

**മഞ്ചാടിസഞ്ചി ( June to March )**

- രക്ഷിതാക്കളുടെ സഹായത്തോടെ, എല്ലാ കുട്ടികൾക്കും മഞ്ചാടി സഞ്ചി
- മഞ്ചാടി സഞ്ചിയിലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ രക്ഷിതാക്കൾക്കും കുട്ടികൾക്കും നിർദ്ദേശം നൽകുന്നു .

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

**ക്ലാസ് 2** **<u>മലയാളം</u>**

**ലക്ഷ്യം**

- രണ്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും പരിസര പഠനത്തിലും സമഗ്രവും ആസാധ്യകരവുമായ പഠനം ഉറപ്പാക്കുക.
- ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവയെ പരിപോഷിപ്പിക്കുക

**മുന്നൊരുക്കം**

പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെ കണ്ടെത്തുന്നു

**പ്രവർത്തനങ്ങൾ**

**ജൂൺ** : വായനക്ക് കൂടുതൽ അവസരം ഒരുക്കുന്നു വായനക്കാർഡ് നിർമ്മിക്കുന്നു. നല്ല ആഹാര ശീലങ്ങൾ ക്രമീകരിക്കുന്നതിന് ഭാഗമായി My food journal തയ്യാറാക്കുന്നു.

**ജൂലൈ** : വായനാദിനം കഥാപാത്രങ്ങളെ അനുകരിക്കൽ, അവതരിപ്പിക്കൽ, ക്ലാസ്സ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ .

**ഓഗസ്റ്റ് :** വീട്ടു ലൈബ്രറി ചിത്രവിവരണം പുസ്തക പരിചയം ഡിജിറ്റൽ ബോർഡിന്റെ സഹായത്തോടെ ചെറിയ വാർത്തകൾ വായിപ്പിക്കുന്നു.

**സെപ്റ്റംബർ:** വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കാൻ സംഭാഷണം പുസ്തക സംവാദം ചോദ്യോത്തരപ്പയറ്റ് .

**ഒക്ടോബർ:** പതിപ്പുകൾ തയ്യാറാക്കൽ എഴുത്തുകാരെ പരിചയപ്പെടൽ. ഭക്ഷ്യമേള സംഘടിപ്പിക്കൽ .

**നവംബർ:** പാട്ടരങ്ങ്,സർഗ്ഗവേള സംഘടിപ്പിക്കൽ ഡോക്യുമെന്ററി പ്രദർശനം.

**ഡിസംബർ:** ലേഖന പ്രവർത്തനങ്ങൾ, മാഗസിൻ, പതിപ്പുകൾ തയ്യാറാക്കൽ.

**ജനുവരി:** വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും ഉള്ള അവസരം നൽകൽ കവിത പൂരണം കണ്ടറിയാം കേട്ടറിയാം പാഠങ്ങളുടെ വീഡിയോ പ്രദർശനം .

**ഫെബ്രുവരി:** ഭാഷണം ലേഖനം എന്ന മേഖലകളിൽ കൂടുതൽ പ്രാവിണ്യം നേടാനുള്ള പ്രവർത്തനങ്ങൾ ( നാടകം, കഥാകഥനം )

**മാർച്ച്:** ഒരു കുട്ടിക്കും ഓരോ പതിപ്പുകൾ മാഗസിൻ തയ്യാറാക്കൽ, ക്ലാസ് ലൈബ്രറി ശക്തമാക്കൽ ചിത്ര വായന പ്രോത്സാഹിപ്പിക്കൽ.

**<u>പരിസരപഠനം</u>**

**അറിയാം അടുത്തറിയാം**

**ലക്ഷ്യം :-**

നിരീക്ഷണം, അറിവ് നിർമ്മാണം, ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ, ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

- പ്രകൃതി നടത്തം
- പരിസര നിരീക്ഷണം
- പഠനയാത്രകൾ സംഘടിപ്പിക്കൽ
- ശാസ്ത്ര പതിപ്പുകൾ തയ്യാറാക്കൽ
- പച്ചക്കറിത്തോട്ടം നിർമ്മാണം മൈക്രോഗ്രീൻസ് തയ്യാറാക്കൽ സ്കൂൾപൂന്തോട്ടം നിർമ്മാണം.

# Academic master plan 2025- 2026

**Standard 2** **English**

**June –July**

- ➢ communicative English
- ➢ moral stories using ICT
- ➢ drawing colouring pasting pictures
- ➢ self introduction
- ➢ picture reading and writing
- ❖ To develop listening, reading and writing skills

**August –September**

- word web, word chain
- word of the day
- English assembly
- Let's talk & talk with legends
- picture description using ICT
- ❖ develop the creative speaking and writing

**October- November**

- ➢ class library
- ➢ develop stories using ICT
- ➢ make a sentence chain
- ➢ writing diary letter
- ➢ skit stories using ICT

## December– January

- school radio
- food journal
- cartoon, cinema using ICT
- reading library book and its review
- Reads diary
- Develop stories

❖ develop the creative speaking and writing

## February – March

- ➢ Newspaper reading.
- ➢ Library books reading
- ➢ Reading conversation
- ➢ Speech
- ➢ skit stories use ICT
- ❖ To improve presentation power.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 2026

**ക്ലാസ് 2** **ഗണിതം**

**ജൂൺ – ജൂലൈ**

- സംഖ്യ കളികൾ
- ➢ ഗണിത കിറ്റിലെ വസ്തുക്കൾ ഉപയോഗിച്ച് സങ്കലനം,വ്യവകലനം എന്നിവ മനസ്സിലാക്കുന്നു

**ഓഗസ്റ്റ്– സെപ്റ്റംബർ**

- വിവിധ പാറ്റേണുകൾ നിർമ്മിക്കുന്നു
- ➢ ക്ലാസിൽ ഒരു കട
- ➢ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു

**ഒക്ടോബർ– നവംബർ**

- അബാക്കസ് നിർമ്മാണം
- ➢ കളി നോട്ട് നിർമ്മാണം
- ➢ ▲ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ
- ➢ സ്ഥാനവില തിരിച്ചറിയൽ

**ഡിസംബർ–ജനുവരി**

- സ്ഥാനവില പോക്കറ്റ് നിർമ്മാണം
- വിലവിവര പട്ടിക നിർമ്മാണം
- ➢ സങ്കലന വ്യവകലന പ്രിയകൾ നിർദ്ധാരണം ചെയ്യൽ

**ഫെബ്രുവരി –മാർച്ച്**

- ➢ ഗണിത പാട്ടുകൾ
- ➢ കലണ്ടർ പതിപ്പ് തയ്യാറാക്കാൻ
- ➢ ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

**ക്ലാസ് 3** **<u>മലയാളം</u>**

**<u>ലക്ഷ്യങ്ങൾ</u>**

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി കുട്ടികൾ എല്ലാവരും

- സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കാനും ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കാനും പ്രാപ്തരാകുക
- കവിതകളും പാട്ടുകളും ആശയ വ്യക്തിയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക.
- കഥ, കവിത നാടൻപാട്ട് കടങ്കഥ പഴഞ്ചൊല്ല് മുതലായവ ഹൃദ്യസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുക.
- ആശയ വ്യക്തതയോടെ അക്ഷര തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

**പ്രവർത്തനം : –**

- കുട്ടികേട്ട കഥ പറയൽ
- അവധിക്കാല അനുഭവങ്ങൾ പറയൽ
- ഞാനും മൂന്നാം ക്ലാസിലേക്ക് കുട്ടികൾ മൂന്നാം ക്ലാസിൽ നേടേണ്ട ശേഷികളെക്കുറിച്ച് അവർക്ക് വേണ്ട പിന്തുണയെക്കുറിച്ച് ക്ലാസ്സ്
- മാതാപിതാക്കളെ ബോധവൽക്കരിക്കുന്ന വ്യത്യസ്തഇണത്തിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻപാട്ട് കേട്ട് അവതരിപ്പിക്കുന്നു.

കാലയളവ് : ജൂൺ

**പഠന പ്രവർത്തനം : –**

- രക്ഷിതാക്കളുടെ സഹായത്താൽ അക്ഷരകാർഡുകൾ നിർമ്മിക്കുന്നു വളരുന്ന അക്ഷരമരം –ഓരോ കുട്ടിയും പഠിച്ച .അക്ഷരങ്ങൾ ഇലയുടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കൽ നിശ്ചിതപദങ്ങൾ പാഠഭാഗത്ത് കണ്ടെത്തൽ.
- പഴഞ്ചൊല്ലുകൾ ശേഖരിക്കൽ
- പഴഞ്ചൊല്ലുകളുടെ ആശയം കണ്ടെത്തൽ

കാലയളവ് : ജൂലൈ

**പഠന പ്രവർത്തനം : –**

- കുട്ടികൾ രക്ഷിതാക്കൾ എന്നിവർ ചേർന്ന് അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്നു. തയ്യാറാക്കിയവ പ്രദർശിപ്പിക്കുന്നു .
- അക്ഷരക്കാർഡുകൾ നൽകി വാക്കുകൾ നിർമ്മിക്കൽ.
- കുട്ടികൾക്ക് പരിചിതമായ ഒരു കഥ നൽകുന്നു. കഥാപാത്രങ്ങളെ കണ്ടെത്തൽ.

കാലയളവ് : ആഗസറ്റ്

**പഠന പ്രവർത്തനം : –**

- വളരുന്ന അക്ഷര ലൈബ്രറി –ഓരോ ദിവസവും അഞ്ച് അക്ഷരങ്ങൾ നൽകി ബന്ധപ്പെട്ട വാക്കുകൾ പത്രം, മാസികകൾ എന്നിവയിൽ നിന്നും കണ്ടെത്തുന്നു , വായിക്കുന്നു.
- ഫീൽഡ് ട്രിപ്പ് –പച്ചക്കറി കൾ തിരിച്ചറിയുന്നു പേരുകൾ എഴുതുന്നു

- കടങ്കഥ ശേഖരണം കടങ്കഥ നിർമാണം
- ചിത്രം നൽകി വായന കാർഡ് നിർമ്മാണം വായന കാർഡ് വായിപ്പിക്കൽ
- പദങ്ങൾ ചേർത്ത് വാക്യം ഉണ്ടാക്കൽ
- ആഭരണം അണിയിക്കൽ – വാക്കുകളിൽ ചിഹ്നങ്ങൾ ചേർക്കൽ
- ചിഹ്നങ്ങളും പദങ്ങളും നൽകി പദനിർമാണം

കാലയളവ് : ഒക്ടോബർ

**പഠന പ്രവർത്തനം : –**

- ചിത്ര വായന
- ചിത്രം നോക്കി കഥ പറയൽ
- കൂട്ടുകാർ പറയുന്ന പദം പുസ്തകം  നോക്കി കണ്ടെത്തൽ
- സംഭാഷണം
- നാട്ടുകഥകൾ ശേഖരിച്ച് അവതരിപ്പിക്കൽ
- സ്വന്തം ആശയത്തിൽ കഥാവതരണം

കാലയളവ് : നവംബർ

**പഠന പ്രവർത്തനം : –**

- കൂട്ട വായന കുട്ടികൾ പരസ്പരം സഹായിച്ച വായിക്കുന്നുണ്ട്
- വായന ചങ്ങല
- ചിത്രം നൽകി വിവരണം പറയൽ
- സ്ക്രിപ്റ്റ് വായന

കാലയളവ് : ഡിസംബർ

**പഠന പ്രവർത്തനം : –**

- ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പെഴുതൽ
- വരികൾ കൂട്ടിച്ചേർക്കൽ പാടി അവതരിപ്പിക്കൽ

കാലയളവ് : ജനുവരി

**പഠന പ്രവർത്തനം : –**

- കുഞ്ഞു വായന ഗുണപാഠക പാഠകഥകളുടെ ചിത്രങ്ങൾ നൽകുന്നു കഥാസന്ദർഭം എഴുതി പൂർത്തിയാക്കി വായിക്കുന്നു.
- ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥകൾ പറയുന്നു
- ചിത്രംനോക്കി കഥയിലും എഴുത്തിലും മികവ് അവതരണങ്ങൾ, കൈയെഴുത്ത് മാസിക തയ്യാറാക്കൽ , പതിപ്പുകൾ തയ്യാറാക്കൽ

കാലയളവ് : ഫെബ്രുവരി

**പഠന പ്രവർത്തനം : –**

- മികവ് അവതരണങ്ങൾ
- കഥാരചനാ അവതരണങ്ങൾ
- വായനാകളരി
- കൈയെഴുത്ത് മാസിക തയ്യാറാക്കൽ
- പതിപ്പിക്കാൻ പതിപ്പുകൾ തയ്യാറാക്കൽ

കാലയളവ് : മാർച്ച്

# Academic master plan 2025- 2026

**Standard 3** **English**

AIM – To speak, Read & write English without any mistakes

**Activities :-**

**June and July**

●To develop listening skills and reading skills.

Listening skills :-

Games Action songs. Communicative English Activities conversations skit stories – use ICT

- speaking skills
- Identify the naming words from the picture
- Identify the action words from the picture.
- Make the simple sentences using the word about picture
- Make simple description about the picture
- Growing sentences, picture reading,self introductions

**August and September**

- Develop the creative speaking and writing
- Reading skills –
- Books reading
- Find words
- Collect and read past tense
- Rhyming words.
- TB Activities

- Writing Skills --
- make word web
- picture description
- Word chain
- Make words & Sentences
- Make riddles, conversations
- Add more lines.

**October and November**

- To express thoughts, feelings etc...

*Reading skills --*

- Library book reading
- Conversations, skit, Stories, use ICT
- Read notice
- Develop story
- Writing Skills---
- Description
- Thoughts

**December and January.**

- Develop the creative speaking and writing.

*Reading skills*

- Library books reading
- Conversations, skit Stories use ICT
- Develop story
- Reads dairy
- Writing Skills -

- Dairy Announcement

**February and march**

- To improve the presentation power.

***Reading Skills --***

Library books reading Conversations, skit Stories Develop story.

***Writing Skills:-***

- Dairy Descriptions Thoughts Exhibition.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

**ക്ലാസ് 3** **ഗണിതം**

**ലക്ഷ്യങ്ങൾ**

- ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു തരംതിരിക്കുന്നു നിർമ്മിക്കുന്നു.
- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഒന്നു മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക.
- കുട്ടികൾക്ക് മൂന്നക്ക നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ എല്ലാ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

**പഠന പ്രവർത്തനങ്ങൾ:-**

- പ്രവേശനോത്സവം
- വിവിധ ഗണിത രൂപങ്ങൾ കൊണ്ട് തോരണ നിർമ്മാണം രൂപങ്ങൾ തിരിച്ചറിയൽ പ്രത്യേകതകൾ മനസ്സിലാക്കൽ.
- ഗണിതരൂപങ്ങൾ ഉപയോഗിച്ച് ആശംസ കാർഡ്, ഗണിതരൂപങ്ങൾ ഉപയോഗിച്ച് വെജിറ്റബിൾ പ്രിന്റിംഗ്
- തീപ്പെട്ടി കമ്പ് കൊണ്ട് വിവിധ രൂപങ്ങൾ ഉണ്ടാക്കൽ

കാലയളവ് : -ജൂൺ

**പഠന പ്രവർത്തനങ്ങൾ:-**

- ഒന്നു മുതൽ 100 വരെ സംഖ്യകളെ സ്ഥാന ക്രമം അനുസരിച്ച് ക്രമീകരിക്കുന്നു.
- സംഖ്യകൾ എഴുതിയ നറുക്ക് നൽകുന്നു കിട്ടിയ സംഖ്യ വായിക്കുന്നു എഴുതുന്നു.
- കിട്ടിയ നറുക്കിലെ സംഘ്യകൾക്ക് ശേഷമുള്ള 10 സംഖ്യകൾ എഴുതുന്നു .
- വിവിധ സംഖ്യകൾ പൂർത്തിയാക്കുന്നു.
- സംഖ്യകൾ ആരോഹണ – അവരോഹണ ക്രമത്തിൽ എഴുതുന്നു.

കാലയളവ് : –ജൂലൈ

**പഠന പ്രവർത്തനങ്ങൾ :–**

- ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു. കളി നോട്ട് ഉപയോഗിച്ച് അവയെ 1/10 / 100 എന്നിവയുടെ കൂട്ടങ്ങളാക്കുന്നു.
- അബാക്കസ് നിർമ്മാണം , സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കൽ

കാലയളവ് : –ആഗസ്റ്റ് , സെപ്തംബർ

**പഠന പ്രവർത്തനങ്ങൾ :–**

- മൂന്നക്ക സംഖ്യകൾ എഴുതുന്നു കുട്ടികൾ ഗ്രൂപ്പായി തിരിഞ്ഞ് എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതുന്നു.

കാലയളവ് : – ഒക്ടോബർ

**പഠന പ്രവർത്തനങ്ങൾ**

- കച്ചവടക്കളി – കുട്ടികളുടെ ബുക്ക് പേന പെൻസിൽ എന്നിവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.
- ത്രാസ് , അളവ് പാത്രങ്ങൾ ക്രമീകരിക്കുന്ന കളിനോട്ട് ഉപയോപ്പെടുത്തി കച്ചവടം ചെയ്യുന്നു.
- കുട്ടികൾ തന്നെ കടക്കാരനും കസ്റ്റമറും ആകുന്നു.

കാലയളവ് : – നവംബർ

**പഠന പ്രവർത്തനങ്ങൾ :–**

- ചാർട്ട് ഉപയോഗിച്ച് സമയക്രമം തയ്യാറാക്കുന്നു.
- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹാരം നടത്തുന്നു.

കാലയളവ് : – ഡിസംബർ

**പഠന പ്രവർത്തനങ്ങൾ :–**

- സംഖ്യാ ചക്രം കറക്കി രണ്ട് സംഖ്യകൾ തിരഞ്ഞെടുക്കുന്നു അവ തമ്മിൽ സങ്കലനം, വ്യവകലനം എന്നിവ ചെയ്ത് ഉത്തരങ്ങളിലെത്തുന്നു.

കാലയളവ് : – ജനുവരി

**പഠന പ്രവർത്തനങ്ങൾ**

- അധ്യാപകർ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.
- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് നൽകുന്നു.
- ക്രിയചെയ്ത് ബോർഡിൽ ഉള്ള സംഖ്യ കണ്ടെത്തുന്നു.

കാലയളവ് : – ഫെബ്രുവരി

**പഠന പ്രവർത്തനങ്ങൾ**

- ജോഡി കണ്ടെത്തൽ :-
- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു .
- കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു .
- കുട്ടികൾക്ക് കിട്ടിയത് സംഖ്യ ചാർട്ടിലെ ഏത് ക്രീയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി കളത്തിൽ ഒട്ടിക്കണം.

കാലയളവ് : – മാർച്ച്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025–26

## ക്ലാസ് 3 പരിസരപഠനം

**ഞാനും എന്റെ പരിസരവും**

ലക്ഷ്യം: കുട്ടികളുടെ സമഗ്ര വികാസം

പ്രവർത്തനം : പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ നടീൽ– നട്ട വൃക്ഷത്തൈ പരിപാലിക്കൽ, സീഡ് ബോൾ പദ്ധതി, മൈക്രോ ഗ്രീൻ വളർത്തൽ, ഫുഡ് ഡയറി തയ്യാറാക്കൽ

**പ്രകൃതി നടത്തം**

ലക്ഷ്യം: നിരീക്ഷണം – അറിവ് നിർമ്മാണം.

പ്രവർത്തനം: ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ, ജീവികളുടെ പരസ്പരാശ്രയത്വം– ചർച്ച, പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു..

കാലയളവ്: ആവശ്യാനുസരണം

**നല്ല ശീലം**

ലക്ഷ്യം: കുട്ടികളിൽ ശുചിത്വ ശീലം വളർത്തൽ.

പ്രവർത്തനം: പോസ്റ്ററുകൾ തയ്യാറാക്കൽ,

ക്ലാസ് തല ശുചിത്വ മത്സരം

കാലയളവ്: ആവശ്യാനുസരണം

**ശാസ്ത്ര യാത്ര**

ലക്ഷ്യം: ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ.

പ്രവർത്തനം: നമ്മുടെ നാട്ടും പരിസ്ഥിതിയും അടുത്തറിയുന്നതിനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കളം, വയൽ, കാട്)

കാലയളവ്: ആവശ്യാനുസരണം.

**<u>ശാസ്ത്ര പരീക്ഷണങ്ങൾ</u>**

ലക്ഷ്യം: ശാസ്ത്ര പഠനം രസകരമാക്കൽ.

പ്രവർത്തനം: ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

കാലയളവ്: ആവശ്യാനുസരണം.

# അക്കാദമിക മാസ്റ്റർ പ്ലാൻ–2025–26

**ക്ലാസ് 4** **<u>മധുരം മലയാളം</u>**

**<u>മധുരം മലയാളം</u>**

ലക്ഷ്യം : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

പ്രവർത്തനം : ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ.

കാലം : ലക്ഷ്യം നേടുന്നതുവരെ.

**<u>വായിക്കാം വളരാം</u>**

ലക്ഷ്യം : വായനാ ശേഷി വളർത്തൽ.

പ്രവർത്തനം : ക്ലാസ് വായനാ കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ – പുസ്തകപരിചയം വായനാ കുറിപ്പ്, ആസ്വാദ കുറിപ്പ്. പുസ്തക സംവാദം, ആനുകാലിക വായന.

കാലം : വർഷം മുഴുവൻ.

**<u>എഴുതാം തെളിയാം</u>**

ലക്ഷ്യം : എഴുത്ത് പരിപോഷിപ്പിക്കൽ.

പ്രവർത്തനം : പാഠഭാഗങ്ങളിൽ നിന്നും നേടിയ ശേഷികൾ.

കാലം : പ്രതിമാസം ( വർഷം മുഴുവൻ ).

**<u>എഴുത്തുകാരുമായി സംവദിക്കൽ</u>**

ലക്ഷ്യം : ലേഖന ശേഷി വർദ്ധിപ്പിക്കൽ – സാഹിത്യകാരൻമാരെ അടുത്തറിയൽ.

പ്രവർത്തനം : സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ.

കാലം : ആവശ്യാനുസരണം.

**കണ്ടറിയാം.. കേട്ടറിയാം..**

ലക്ഷ്യം : അറിവ് ഡോക്യുമെന്റേഷനിലൂടെ ( ICT).

പ്രവർത്തനം : പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിൽ, പ്രദർ ശിപ്പിക്കൽ.

കാലം : ആവശ്യാനുസരണം.

**രുചിച്ചറിയാം**

ലക്ഷ്യം : നമ്മുടെ പ്രാചിന ( നാടൻ ) ദക്ഷണങ്ങൾ പരിചയപ്പെൽ.

പ്രവർത്തനം : ഭക്ഷ്യമേളപാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം . ക്ലാസിലൊരു സദ്യ.

കാലം : വർഷത്തിലൊന്ന്.

**ഓർക്കാം – അഭിമാനിക്കാം ( സാഹിത്യകാരന്മാർ )**

ലക്ഷ്യം : സാഹിത്യകാരന്മാരുടെ ജന്മ – ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ.

പ്രവർത്തനം : ഓർമ്മദിനങ്ങൾ ആചരിക്കൽ – ഡോക്യുമെന്ററി പ്രദർശനം – പുസ്തക പരിചയം – ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ്

നിർമ്മാണം – പ്രദർശനം.

കാലം : ആവശ്യാനുസരണം.

**കലക്കൂട്ട്**

ലക്ഷ്യം : പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ – നേരിട്ടറിയൽ.

പ്രവർത്തനം : പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം . കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ , ചമയങ്ങൾ പ്രദർശനം.

കാലം : വർഷത്തിലൊന്ന്.

**<u>സർഗ്ഗോത്സവം</u>**

ലക്ഷ്യം : ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.

പ്രവർത്തനം : കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം.

കാലം : വർഷത്തിലൊരിക്കൽ.

# Academic master plan  2025- 2026

**Standard 4** **English**

**OBJECTIVES & LEARNING OUTCOMES:**

- Communicative English: Focuses on developing practical English communication skills for real-life situations, emphasizing fluency, and confidence over strict grammatical accuracy.
- Familiarise new words.
- Inculcate language elements in day-to-day life.
- Able to comprehend passage and interpret the ideas in simple language.
- Reflecting personal experiences in connection with the Text.
- Analyse the pictures and engage in discussions.
- Enable to write with proper language elements.

**ACTIVITIES: (Focusing LSRW)**

**JUNE& JULY:**

- Communicative English class (English in day-to-day life)
- English Assembly
- Word of the day (introduce a new word)
- Reading Cards.
- Reader activities.
- Analysing picture/video from different perspectives.

**AUGUST & SEPTEMBER:**

- Picture Reading

- Picture Description
- Connecting stories
- Word puzzle

**OCTOBER& NOVEMBER:**

- Interpreting personal emotions.
- Character sketch
- Diary entry

**DECEMBER & JANUARY**

- Speech Bubble
- Add more lines
- Simple story developing

**FEBRUARY-MARCH**

- Self-introduction.
- Simple Grammatical error corrections.
- Vocabulary Bible.
- Creative writing

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025–26

## ക്ലാസ് IV ഗണിതം

**കളിക്കാം...ഗണിക്കാം..**

ലക്ഷ്യം: ഗണിതപഠനം രസകരമാക്കൽ, ചതുഷ്ക്രിയകൾ ലളിതവത്കരിക്കൽ

പ്രവർത്തനം: വിവിധ തരം ഗണിതകേളികൾ ആസൂത്രണം ചെയ്യൽ – നടപ്പാക്കൽ – മൂല്യനിർണയം.

കാലയളവ്: ജൂൺ –മാർച്ച്

**ഒറിഗാമി / ടാൻഗ്രാം**

ലക്ഷ്യം: ഗണിത ശാസ്ത്രപഠനം രസകരമാക്കൽ, കരചലന ശേഷി വികാസം.

പ്രവർത്തനം: ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം.

കാലയളവ്: ജൂൺ

**ഗണിതലാബ്**

ലക്ഷ്യം: ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ

പ്രവർത്തനം: ഗണിതലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ

കാലയളവ്: ജൂൺ – മാർച്ച്

**ഗണിതച്ചുമർ**

ലക്ഷ്യം:ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

പ്രവർത്തനം: ഗണിതച്ചുമർ ഒരുക്കൽ.

കാലയളവ്: ജൂൺ

## ഗണിതപഠനനോപകരണ നിർമ്മാണം

ലക്ഷ്യം: പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം

പ്രവർത്തനം: ജൂൺ – മാർച്ച്

## ഗണിതമേള

ലക്ഷ്യം: ഗണിത ശേഷി പ്രകടനം

പ്രവർത്തനം: പസിൽ, ക്വിസ്, പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം

കാലയളവ്: ജനുവരി

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ക്ലാസ് 4 പരിസരപഠനം

**സമഗ്ര ഗുണമേന്മ പദ്ധതി, ആരോഗ്യം, വ്യായാമം, കായിക ക്ഷമത**

ലക്ഷ്യം: കുട്ടികളുടെ സമഗ്ര വികാസം

പ്രവർത്തനം: My Food Journal തയ്യാറാക്കൽ

കാലയളവ്: ജൂൺ

**പ്രകൃതി നടത്തം**

ലക്ഷ്യം: നിരീക്ഷണം - അറിവ് നിർമ്മാണം.

പ്രവർത്തനം: പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു..

കാലയളവ്: ജൂൺ - ജൂലൈ

**ശാസ്ത്ര മൂല**

ലക്ഷ്യം: ശാസ്ത്ര പഠനം. ലളിതവും രസകരവുമാക്കൽ

പ്രവർത്തനം: ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രി ൽ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.

കാലയളവ്: ജൂൺ - മാർച്ച്

**ശാസ്ത്ര യാത്ര**

ലക്ഷ്യം: ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ.

പ്രവർത്തനം: വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനം തുടങ്ങിയവ സന്ദർശിക്കൽ.

കാലയളവ്: ഡിസംബർ - ജനുവരി

**<u>ഭൂപടമൊരുക്കാം</u>**

ലക്ഷ്യം: കേരളം – ഇന്ത്യ ഭൂപട വായന, സൂചിക പരിചയപ്പെടൽ.

പ്രവർത്തനം: ഭൂപട വായന, ഭൂപടരചന, സൂചികാ നിർമ്മാണം– ഉപയോഗിക്കൽ.

കാലയളവ്: നവംബർ

**<u>ശാസ്ത്ര വിസ്മയ ചുമർ</u>**

ലക്ഷ്യം: ശാസ്ത്ര പഠനം രസകരമാക്കൽ.

പ്രവർത്തനം: ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കൽ.

കാലയളവ്: ജൂൺ – മാർച്ച്.

**<u>ശാസ്ത്രോത്സവം</u>**

ലക്ഷ്യം: ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകൾ പ്രയോഗം.

പ്രവർത്തനം: ശാസ്ത്ര പതിപ്പ്, ചർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം എന്നിവയുടെ പ്രദർശനം.

കാലയളവ്: ഫെബ്രുവരി

**<u>ശാസ്ത്ര മാസിക</u>**

ലക്ഷ്യം: ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന

പ്രവർത്തനം: ശാസ്ത്ര മാസിക നിർമ്മാണം.

കാലയളവ്: ഫെബ്രുവരി – മാർച്ച്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**ക്ലാസ് 5,6,7 മലയാളം**

മാതൃഭാഷയെ കുട്ടികൾ സുഗമമായി കൈകാര്യം ചെയ്യുന്നതിനും കുട്ടികളുടെ ആശയങ്ങളെയും സർഗാത്മ രചനയെയും സമ്പുഷ്ടമാക്കുക എന്ന ഉദ്ദേശ്യത്തോടെ 'കുഞ്ഞെഴുത്ത്' എന്ന പ്രോജക്റ്റാണ് യു.പി മലയാള വിഭാഗം 2025 26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനായി മുന്നോട്ട് വെക്കുന്നത്.

**ലക്ഷ്യങ്ങൾ**

- മലയാളഭാഷയിൽ ശ്രവണ ഭാഷണം വായന എഴുത്ത് എന്നീ അടിസ്ഥാന ഭാഷാശേഷികൾ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക.
- സ്വന്തം ആശയങ്ങളെ സ്വതന്ത്ര്യവും നിർഭയവുമായി വാചകവും ആയി അവതരിപ്പിക്കാനുള്ള കഴിവും ആത്മവിശ്വാസവും കുട്ടികളിൽ വളർത്തുക.
- സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി എന്നിവയുടെഫലപ്രദമായ ഉപയോഗത്തിലൂടെ നല്ല വായന ശീലം ഭാഷാശേഷി കുട്ടികളിൽ വളർത്തുക.
- കയ്യെഴുത്ത് മാസികകൾ വാർഷിക അച്ചടി മാസിക എന്നിവയിൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തുക.
- ദിനാചരണങ്ങൾ മെച്ചപ്പെട്ട പഠന സന്ദർഭങ്ങളായി മാറ്റാനായി പതിപ്പ് നിർമ്മാണം സംഘടിപ്പിക്കുന്നു.

**ജൂൺ**

- പദങ്ങൾ വാചകങ്ങൾ എഴുതുന്നു.
- ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ കുട്ടികൾ വായിച്ച പുസ്തകങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ.
- വായനാദിനവുമായി ബന്ധപ്പെട്ട് കുട്ടികൾ രക്ഷിതാക്കൾ എന്നിവരുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കൽ.

- പാഠപുസ്തകത്തിൽ പരിചയപ്പെട്ട സാഹിത്യകാരന്മാർ കവികൾ എന്നിവരുടെ ചിത്രങ്ങൾ ജീവചരിത്രക്കുറിപ്പുകൾ എന്നിവ ഉൾക്കൊള്ളിച്ച് പതിപ്പ് തയ്യാറാക്കൽ.

**ജൂലൈ**

- കണ്ട ആശയങ്ങൾ ഉൾപ്പെടുത്തി ചെറു കുറിപ്പുകൾ എഴുതുന്നു.
- കുട്ടികളിൽ ആശയ സമ്പത്ത് ഉണ്ടാക്കുന്നതിന് വേണ്ടി പത്രം ചെറുകഥാ പുസ്തകങ്ങൾ ലേഖനങ്ങൾ എന്നിവ വായിക്കുന്നു ക്ലാസിൽ 3 30 മുതലുള്ള സമയം ഇതിനായി വിനിയോഗിക്കുന്നു.
- ബഷീർ ദിനത്തോടനുബന്ധിച്ച് ബഷീർ കൃതികളിലെ കഥാപാത്രങ്ങളെ അവതരിപ്പിക്കൽ
- ബഷീർ കൃതികളിലെ ദൃശ്യാവിഷ്കാരം.

**ആഗസ്റ്റ്**

- നിശ്ചിത വിഷയം നൽകി ഒരു പേജ് എഴുതുവാൻ ആവശ്യപ്പെടുന്നു.

**സെപ്റ്റംബർ**

- കൂടുതൽ രചനകൾ നൽകി വായന സമ്പുഷ്ടമാക്കുന്നു

**ഒക്ടോബർ.**

- കുട്ടികൾ ക്ലാസ് പത്രങ്ങൾ  തയ്യാറാക്കുന്നു .
- കുട്ടികളുടെ രചനകൾ ഇതിൽ ഉൾപ്പെടുത്തുന്നു.

**നവംബർ**

- ഡിജിറ്റൽ ബോർഡിൻറെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.

**ഡിസംബർ**

- കുട്ടികളിൽ സ്നേഹം തുടങ്ങിയ മാനവികമൂല്യങ്ങൾ വളർത്തിയെടുക്കാൻ സഹായിക്കുന്ന മികച്ച കുട്ടികളുടെ സിനിമകൾ ഡിജിറ്റൽ ബോർഡിൽ കാണിക്കുന്നു, ചർച്ച ,കുറിപ്പെഴുതൽ.

**ജനുവരി – മാർച്ച്**

- പാഠഭാഗങ്ങളുടെ നാടകാവിഷ്കാരം സ്വതന്ത്രമായ അവതരിപ്പിക്കൽ.

**ഫെബ്രുവരി**

- ഭാഷാ ദിനമായി ബന്ധപ്പെട്ട കവിത ആലാപനം,പോസ്റ്റർ മത്സരം.

**പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി പദങ്ങൾ വാചകങ്ങൾ എന്നിവ കൂടുതൽ കേൾക്കാനായി ഓഡിയോ വീഡിയോ പ്രയോജനപ്പെടുത്തുന്നു വരയ്ക്കാൻ കഴിവുള്ള കുട്ടികളെ മാസികയിലും പത്രത്തിലും സ്വന്തം രചനയ്ക്കുള്ള അവസരം നൽകുന്നു ടീം പ്രവർത്തനത്തിൽ ഇവരെഉൾപ്പെടുത്തി പ്രോത്സാഹനം നൽകുന്നു.

# ACADEMIC MASTER PLAN 2025 -26

## ENGLISH

**STD 5, 6, 7**

**AIMS**

- ✓ To Communicate in English language
- ✓ Enhance creative writing skill
- ✓ Encourage reading
- ✓ To express themselves according to different situations without mistakes.
- ✓ Read and write without mistakes.
- ✓ To understand whatever they hear in English
- ✓ To enhance reading English Literature and thus make them more creative and expertise them in using flowey language.
- ✓ To make them aware about the use of media and how to handle them skillfully

**ACTIVITIES**

**JUNE & JULY**

**TO IMPROVE THE LISTENING SKILL**

- ✓ Self Introduction
- ✓ Every day English (communicative English class)
- ✓ Word of the Day (To learn new words & its meanings)
- ✓ Model Reading
- ✓ Play game like "Hang Man Out" to improve word vocabulary.
- ✓ News telecast

**AUGUST & SEPTEMBER**

**TO IMPROVE THE SPEAKING SKILL**

- ✓ Interview a friend (peer interaction with preset questions)
- ✓ 1 minute talk (my hobby, my best friend etc)
- ✓ Picture talk - students describe a pictures shown on Screen.
- ✓ Story telling
- ✓ Communicative English class
- ✓ Discussion & Debates
- ✓ News Reporting

**OCTOBER & NOVEMBER**

**TO IMPROVE THE READING SKILL**

- ✓ Reading corner - A mini library with age appropriate story books and magazines)
- ✓ Picture Reading
- ✓ Newspaper Reading
- ✓ Reading Magazines
- ✓ Reading TB
- ✓ Reading Challenges (Monthly reading log and awards)

**DECEMBER & JANUARY**

**TO IMPROVE THE WRITING SKILL**

- ✓ Diary Entry
- ✓ Description
- ✓ Paragraph building from jumbled sentences
- ✓ Picture Description

- ✓ Word chain
- ✓ Add more lines to poem
- ✓ Caption This (right captions for funny or unusual pictures)
- ✓ Handwriting competition

**FEBRUARY & MARCH**

**TO IMPROVE CREATIVE SKILL**

- ✓ Self introduction
- ✓ Podcast minutes : short educational clips with follow-up discussion.
- ✓ Creative Writing
- ✓ Vocabulary hunt : students find new words from books or surroundings
- ✓ Develop story
- ✓ Synonym- Antonym puzzles : Word puzzle games.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**ക്ലാസ് 5,6,7 ഗണിതം**

**<u>ലക്ഷ്യം</u>**

1)അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു.

2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും.

3) ഗണിത പഠന പ്രവർത്തന ങ്ങൾ സുഗമമാക്കൽ.

4) ഗണിതം മധുരമാക്കൽ

5) ഗണിത മേഖലയിൽ കുട്ടി കളുടെ താൽപ്പര്യം വർദ്ധിപ്പി ക്കൽ

6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യത കൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു

7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു.

8) വിവിധ ശേഷികളുടെ വികസനം

**പ്രവർത്തനങ്ങൾ**

**ജൂൺ - ജൂലൈ**

- പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ
- കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാ ടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,......... ഉപയോഗി ക്കുന്നു.)
  - ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ട ത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തന ങ്ങൾ നൽകുന്നു.
- ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

**ആഗസ്റ്റ് – സെപ്റ്റംബർ**

- ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷത കൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ.
- ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ.
- ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സ രങ്ങൾക്ക് പ്രാപ്തരാക്കൽ

**ഒക്ടോബർ – നവംബർ**

- വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാ ക്കശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽൽ .
- ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ.
- ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയത്തിൽ എക്സിബിഷൻ സജ്ജമാക്കൽ.

**ഡിസംബർ– ജനുവരി**

- ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയ ങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാ ക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

**ഫെബ്രുവരി – മാർച്ച്**

- ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോ ഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പ ത്തിൽ കഴിയുന്നു.

# ACADEMIC MASTER PLAN 2025 -26

**STD 5, 6, 7** **BASIC SCIENCE**

## INTRODUCTION

This year we aim to get a better understanding, a better atmosphere in learning science, through experiments, activities, workshops and field trips. By Using all the available resources, latest technologies in teaching and learning we are focusing to help students to acquire knowledge to explore themselves in the world of science.

## AIMS

- To satisfy all the objectives mentioned in the curriculum of classes 5, 6, 7
- To develop scientific temper among students
- To give an opportunity to develop their creativity and knowledge.
- To solve problems related to first-hand experience.
- Observation and gathering information.
- To develop scientific learning environment.

## ACTIVITY / PROGRAMME

## JUNE & JULY

- Celebrates environmental day and make ensure in participation activities like poster making, preparation of seed balls, cultivate vegetables and medicinal plants, growing micro green in all classrooms and makes it as a part of noon meal.

- Preparing food diary by students and evaluate their food habits. Awareness class is given for them to maintain healthy food style.
- Making a vertical garden, thereby increasing students' interest in agriculture.
- Nature talk, Nature Walk.
- Prepare worksheet based on all the important and difficult topics
- Continuous evaluation / test has to be done based on each chapter
- Construct instruments / devices making workshop for students.

**AUGUST & SEPTEMBER**

- School lab acquisition, resource extraction
- Science kits are made. Science classes are taken with fun, short experiments using familiar objects from everyday life. A collection of science experiments is prepared, including experiment notes.
- Introduce Science lab in all classes.
- An opportunity for every student to do simple experiments.

**OCTOBER & NOVEMBER**

- Under the Leadership of the Energy Club, Health Club, and Science Club, students are provided with the opportunity to prepare projects related to various scientific concepts and present reports.
- Science related books can be included in class libraries.

- Include science simple experiments and activity books in the library.
- Classes by expert trainers.
- A school-level science fest is being organized, featuring experiments featuring various discoveries from the world of modern science.
- Conduct dramas and debates based on science topics

**DECEMBER**

- Do and learn classes
- Preparing models
- Bringing the wonders of science to children with the help of ICT. Video presentation of new discoveries, scientific facts, biographies of scientists and more knowledge related to the lesson.
- Planting and developing saplings through different methods.

**JANUARY**

- Organizing field trips
- Digital live classes
- Watching questions and answers of astronauts from space.

**FEBRUARY & MARCH**

- Building a wall wonders in all classes
- Develop outdoor science park
- Preparation of useful things from waste materials.

# ACADEMIC MASTER PLAN 2025 -26
# SOCIAL SCIENCE

**STD 5, 6, 7**

## OBJECTIVES

- To achieve all the curriculum objectives of classes 5, 6, 7.
- To observe the society and analyse it as a social being for the upliftment of the society.
- To make them aware about the things happening around them.
- To understand about the ancient society, present society and future needs which can be fulfilled by present generation.

## ACTIVITIES

**JUNE & JULY**

- Celebrating World Environment day to develop a sense of love and care to the earth as a social being and make participations in poster making (Save Earth), planting trees and medicinal plants.
- Making vegetable garden both at home and school to enhance the interest in agriculture among students.
- Preparing Album about Villages, Mughal Kings, etc. to make the student more creative and to develop their knowledge in the particular topic.
- Nature Walk to understand the nature and thereby developing a sense of being a part of nature.

**AUGUST & SEPTEMBER**

- Conducting a Food Fest using locally available items with the help of parents.
- Preparing an assignment about the games of Villages and collecting pictures.
- Cyber protection awareness class
- Preparing a Seminar paper with the help of parents and grandparents on food habits among children (past and present).

- Making ‘My Food Journal’ to understand about the food habits among students.

**OCTOBER & NOVEMBER**

- Preparing album about Kerala.
- Conducting Exhibition about Calamities (flood, drought, etc.) to make students aware about reasons behind it and to encourage students to cooperate and help human being at the time of disasters.
- Preparing Models
- Awareness class on healthy food habits.
- Visit to a nearby Coir Factory to understand the process of making coir items.

**DECEMBER & JANUARY**

- Visiting Grama Sabha / Ward sabha to understand what is happening there and to demonstrate it in school.
- Virtual Field Trip using ICT (historical monuments, states in India, Earths interior and atmosphere )
- POCSO awareness class.
- Special School Visit to make students aware that they are also a part of our society.

**FEBRUARY & MARCH**

- Interview with Kudumbasree members to know more about their activities.
- Conducting an awareness class on ‘Waste management in households.’
- Preparation of Question Bank.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ക്ലാസ് 5,6,7 ഹിന്ദി

## ആമുഖം

ഹിന്ദി ഭാഷയുടെ അടിസ്ഥാനശേഷി വികസനം, പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക എന്ന താണ് 2025--26അധ്യായനവർഷത്തിലെ മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്. കാലാനുസൃതമായി മാറിവരുന്ന വിവരസാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ ഹിന്ദി ഭാഷ നൈപുണി വർദ്ധിപ്പിക്കാനും, പ്രവർത്തനങ്ങൾ വളരെ സുഗമമായും ആകർഷണീയമായും നടത്താൻ സാധിക്കുന്നു. ഭാഷാ പഠനം രസകരവും ആസ്വാദ്യകരവും ആയി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് നടപ്പിലാക്കിയ 'സുരീലി ഹിന്ദി' പോലുള്ള പ്രവർത്തനങ്ങൾ കുട്ടികളെ ഏറെ ആകർഷിക്കുന്നു. കുട്ടികളിലുള്ള സർഗാത്മകത ഉണർത്താനും പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കാനും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വളരെ പ്രയോജനകരമാണ്.

## ലക്ഷ്യങ്ങൾ

- ഹിന്ദി ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ.
- ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യകതയെയും കുറിച്ചുള്ള ബോധവൽക്കരണം.
- ഭാഷ കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കൽ
- കുട്ടിക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ
- ഹിന്ദി ഭാഷ അടുത്തറിയാനുള്ള സാഹചര്യം ഒരിക്കൽ
- എല്ലാ തലത്തിലുമുള്ള കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ
- വായന പരിപോഷിപ്പിക്കൽ
- ഡിജിറ്റൽ ബോർഡിന്റെ ഉപയോഗത്തിലൂടെ പഠന പ്രവർത്തനങ്ങൾ രസകരവും,ലളിതവും ആകർഷണീയവുമാക്കൽ.

**ജൂൺ**

- ➢ അക്ഷരങ്ങളും പദങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ
- ➢ പ്രീ ടെസ്റ്റ് നടത്തൽ
- ➢ അക്ഷരക്കാർഡ് നിർമ്മാണം
- ➢ വാക്കുകളുടെ നിർമ്മാണം
- ➢ വാക്യങ്ങളുടെ നിർമ്മാണം.
- ➢ ഹിന്ദി അസംബ്ലി

- പരിസ്ഥിതി ദിനം
- പോസ്റ്റർ നിർമ്മാണം
- വായനാദിനം
- ഹിന്ദി ക്ലബ് രൂപീകരണം വായനക്കാർഡ് നിർമ്മാണം
- അധിക വായന സാമഗ്രികളുടെ നിർമ്മാണം
- മാരത്തൺ റീഡിങ്
- ലഹരി വിരുദ്ധ ദിനം
- ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകളും പ്ലക്കാർഡുകളും തയ്യാറാക്കി പ്രദർശിപ്പിക്കുന്നു

**ജൂലൈ**

- പ്രേംചന്ദ് ജയന്തി

പ്രേമചന്ദ്രനെക്കുറിച്ചും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും കൂടുതൽ അറിയാൻ അവസരം ഉണ്ടാക്കുന്നു.

**ആഗസ്റ്റ്**

- സ്വാതന്ത്ര്യ ദിനം

സ്വാതന്ത്ര്യദിന പരിപാടികളുടെ ആങ്കറിംഗ് ഹിന്ദിയിൽ നടത്തുന്നു.

**സെപ്റ്റംബർ**

- ഹിന്ദി ദിനം
- ഹിന്ദി പത്രിക തയ്യാറാക്കൽ
- വിവിധ മത്സരങ്ങൾ

**ഒക്ടോബർ**

- ഗാന്ധിജയന്തി
- ഉദ്ധരണി അവതരണം

**നവംബർ**

- ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കൽ

**ഡിസംബർ**

- ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ ജീവചരിത്രം ആത്മകഥകൾ കവിതകൾ കഥകൾ എന്നിവ വായിച്ച് കേൾപ്പിക്കൽ

**ജനുവരി**

- ലോക ഹിന്ദി ദിനം
- പോസ്റ്റർ നിർമ്മാണം

**ഫെബ്രുവരി**

- ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം
- ഹിന്ദി ഡോക്യുമെന്ററി, സിനിമ,വാർത്തകൾ എന്നിവ കാണാനുള്ള അവസരം.

# സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. **ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം**<br>**UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ .** | **1.ഭാഷ ജ്ഞാനം**<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം.**<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. **<u>വീട് ഒരു പരീക്ഷണശാല.</u>**<br>**[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ]** | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. **<u>വായനാലോകം .</u>**<br>**[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ]** | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| **4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| **6. <u>ആസ്വാദന ലോകം .</u>**<br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |